(xvi) പയ്യനാട്ടെ ഫങ്ഷണൽ എസ്റ്റേറ്റ്

[ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, എന്റെ നിയോജക മണ്ഡലത്തിൽ വളരെയധികം ആളുകൾക്ക് ജോലി ലഭിക്കുന്ന ഒരു റബർ അധിഷ്ഠിത വ്യവസായ കേന്ദ്രം പയ്യനാട് തുടങ്ങാൻ വർഷങ്ങൾക്കുമുൻപ് പണി ആരംഭിച്ചതാണ്. കെട്ടിടത്തിന്റെ പണികളെല്ലാം പൂർത്തിയായിട്ടുണ്ട്. പെട്ടെന്ന് അത് ജനങ്ങൾക്ക് തുറന്നു കൊടുക്കണം. അതുപോലെതന്നെ വനിതകൾക്കുവേണ്ടി തുടങ്ങിയിട്ടുള്ള ഖാദി യൂണിറ്റിന്റെ പ്രവർത്തനം ഇതേവരെ ഒന്നുമായിട്ടില്ല. ഈ രണ്ട് കേന്ദ്രങ്ങളുടെയും പണി എത്രയും വേഗം പൂർത്തിയാക്കി ജനങ്ങൾക്ക് ജോലി കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, മഞ്ചേരിയിലെ ഫംഗ്ഷണൽ എസ്റ്റേറ്റിനു വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ടൂൾ റൂം, കാർബൺ മിക്സിംഗ് യൂണിറ്റ്, കളർ മിക്സിംഗ് യൂണിറ്റ്, ചുറ്റുമതിൽ, ഓവർഹെഡ് ടാങ്ക് എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. ഇവിടേക്ക് ആവശ്യമായ ജലത്തിനുവേണ്ടി 200 അടി വരെ താഴ്ചയിൽ കുഴിച്ചിട്ടും വെള്ളം ലഭിക്കാത്തതിനാൽ കുഴൽ കിണർ കുഴിക്കുന്ന പ്രശ്നം ഉപേക്ഷിക്കുകയുണ്ടായി. എങ്കിലും ആവശ്യമായ വെള്ളം ധൃതഗതിയിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മഞ്ചേരിയിൽ സ്ഥാപിക്കുന്ന 56 കെ. വി. സബ്സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങിയാൽ എസ്റ്റേറ്റിലുള്ള എല്ലാ യൂണിറ്റുകൾക്കും കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിനും വിദ്യുച്ഛക്തി ലഭ്യമാക്കാൻ കഴിയും. സി.എഫ്.സി. ക്കുവേണ്ട മെഷീനറികൾ സ്ഥാപിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ എസ്റ്റേറ്റിൽ വ്യവസായം തുടങ്ങുന്നതിന് 30 വ്യവസായ സംരംഭകരെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് പ്ലോട്ടുകൾ അനുവദിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ എസ്റ്റേറ്റിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് ഇന്നത്തെ നിലയിൽ വെള്ളത്തിന്റെ ദൗർലഭ്യം കൊണ്ട് പറയാൻ പറ്റുകയില്ല. ഖാദി യൂണിറ്റിന്റെ പ്രവർത്തനത്തിന് സ്ത്രീകൾക്കുവേണ്ടി മഞ്ചേരിയിൽ പയ്യനാട് ഒരു ഖാദി യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി 50 സെന്റ് സ്ഥലം ദാനമായി നൽകാമെന്ന് മഞ്ചേരി മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചെങ്കിലും സ്ഥലം ഇതേവരെ ബോർഡിലേക്ക് വിട്ടുകിട്ടിയിട്ടില്ല. സ്ഥലം വിട്ടു കിട്ടാത്തതുകൊണ്ട് അതിന്റെ പ്രവർത്തനവും നടത്താൻ സാധിക്കുന്നില്ല.

(xvii) കാസർകോട് താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

[ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ആയിരക്കണക്കിന് രോഗികൾ രോഗനിവാരണത്തിനുവേണ്ടി സമീപിക്കുന്നതും ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതുമായ കാസർകോട് താലൂക്കാശുപത്രി ഇപ്പോൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി പ്രവർത്തിക്കുന്ന ഏക ആശുപത്രിയാണ്. ആ ആശുപത്രിയിൽ നൂറു വർഷങ്ങൾക്കു മുമ്പുള്ള വാർഡുകളാണ് ഇന്നും നിലവിലുള്ളത്. മഴ ആരംഭിച്ചാൽ അവിടെ കുട പിടിക്കേണ്ട അവസ്ഥയാണുള്ളത്. കഴിഞ്ഞ വർഷമെല്ലാം ഈ വാർത്ത

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളിൽ വന്നതാണ്. ഈ ആശുപത്രിക്കുവേണ്ടി 200 ബഡ്ഡുകളുള്ള ഒരു കെട്ടിടം ഇന്നും ഗവൺമെൻറിന്റെ പരിഗണനയിലാണ്. അതുകൂടാതെ അവിടത്തെ ഒ. പി. വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടമാണെങ്കിൽ അത്യും ജീർണ്ണിച്ച് കിടക്കുകയാണ്. ഡോക്ടർമാർക്ക് രോഗികളെ പരിശോധിക്കാൻ പോലുമുള്ള സൗകര്യമില്ല. അതോടൊപ്പംതന്നെ വെള്ളം അവിടെ പലപ്പോഴും മുടങ്ങുന്നു. ഇത് പരിഹരിക്കാൻ അവിടെ ഒരു ഓവർഹെഡ് ടാങ്ക് നിർമ്മിക്കണം. അവിടത്തെ ഒ. പി. വിഭാഗത്തിന് പ്രത്യേകം ഒരു കെട്ടിടം നിർമ്മിക്കണം. കൂടാതെ പോസ്റ്റ്മോർട്ടം നടത്തുന്ന കെട്ടിടവും വളരെ ജീർണ്ണിച്ച് പോസ്റ്റ്മോർട്ടം നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. രണ്ട് ജനറേറ്റർ അവിടെ ഉണ്ടായിരുന്നിട്ടുപോലും അവ യഥാസമയം പ്രവർത്തിപ്പിക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് അടിയന്തിരമായും 200 ബഡ്ഡുകളുള്ള ഒരു വാർഡ് അവിടെ നിർമ്മിക്കണമെന്നും അതോടൊപ്പം മറ്റ് കെട്ടിടങ്ങളും നിർമ്മിച്ച് ഈ ആശുപത്രിയുടെ വികസനത്തിനാവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, 204 കിടക്കകളുള്ള കാസർകോട് താലൂക്കാശുപത്രി പഴയതാണ്. അവിടെ പുതിയ കെട്ടിടങ്ങളും ഉണ്ടാകണമെന്നുള്ളത് വളരെക്കാലമായുള്ള ആവശ്യമാണ്. പീഡിയാട്രിക്സ് വാർഡിനും പുതിയ കെട്ടിടമുണ്ടാക്കി ഈ അടുത്ത കാലത്ത് അത് അങ്ങോട്ട് മാറിയിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം കാസർകോട് ഭാഗത്ത് ഉണ്ട്. അതുകൊണ്ട് വെള്ളത്തിന്റെയും വെളിച്ചത്തിന്റേയും പ്രശ്നങ്ങളുണ്ട്. രണ്ടു ജനറേറ്റർ കൊടുത്തത് ഓപ്പറേഷൻ തിയേറ്ററിലും അതുപോലെതന്നെ പ്രസവ വാർഡിലും ഉപയോഗിക്കാനാണ്. ആ ജനറേറ്ററിന്റെ പ്രയോജനം മൊത്തത്തിൽ കൊടുക്കാൻ സാധിക്കുകയില്ല. കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്കുള്ള നിർദ്ദേശം പി. ഡബ്ലിയു. ഡി. ക്ക് കൊടുത്തിട്ടുണ്ട്.

(xviii) മഞ്ചേശ്വരം ഭാഗത്തെ വോൾട്ടേജ് ക്ഷാമം

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ അതിരൂക്ഷമായ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതിയനുസരിച്ച് മുപ്പത്തഞ്ചോളം ട്രാൻസ്ഫോർമറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. വർഷങ്ങളായി അതു ചെയ്തു തീർക്കാതെ ഇപ്പോഴും കിടക്കുകയാണ്. ഒരു വർഷത്തിൽ രണ്ടോ മൂന്നോ എണ്ണം മാത്രമാണ് ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ പത്ത് വർഷം വേണ്ടിവരും. അതുകൊണ്ട് അടിയന്തിരമായും ഒരു പ്രത്യേക അനുമതി നൽകിക്കൊണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാസർകോട് കഴിഞ്ഞ അഞ്ച് മാസമായി നിലനിൽക്കുന്ന അതിരൂക്ഷമായ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നൽകിയ അനേകം ഉറപ്പുകൾ പാലിക്കപ്പെടാതെ കിടക്കുന്ന അവസരത്തിൽ അവസാനമായി കോഴിക്കോട് ചീഫ് എഞ്ചിനീയറെക്കൊണ്ട് ഏപ്രിൽ ഒന്നാം തീയതി അവിടെ പൂർണ്ണമായി വൈദ്യുതി ലഭിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly